പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1768 — 18.06.2012 ൽ മറുപടിക്ക്

## നോക്കുകൂലിയിൽ നിന്നും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, വി. പി. സജീന്ദ്രൻ<br>,, പി. എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) നോക്കുകൂലി ആവശ്യപ്പെടുന്നവരിൽ നിന്ന് പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകുന്നതിന് പോലീസ് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) നോക്കുകൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ പരാതിക്കാർക്ക് ആവശ്യമായ സംരക്ഷണം നൽകുകയും നോക്കുകൂലി ആവശ്യപ്പെടുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. |
| (ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഇത്തരം കേസുകൾ എടുക്കുന്നത്; | (ബി) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 383, 503 എന്നീ വകുപ്പുകളും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. |
| (സി) അംഗീകൃത ട്രേഡ് യൂണിയനുകൾ ഉൾപ്പെടുന്ന പ്രസ്തുത കേസുകളിൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത്; | (സി) ബന്ധപ്പെട്ട ലേബർ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയാണ് ചെയ്യുന്നത്. |
| (ഡി) ഇത്തരം കേസുകൾ മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്? | (ഡി) കേസുകളുടെ അന്വേഷണ പുരോഗതി ഓരോ മാസവും ബന്ധപ്പെട്ട എസ്.എച്ച്.ഒ. മാർ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാരെ അറിയിക്കുകയും എസ്.ഡി.പി.ഒ. മാർ പുരോഗതി വിലയിരുത്തിയ ശേഷം ആയത് ജില്ലാ |

പോലീസ് മേധാവിയെ അറിയിക്കുകയും ജില്ലാ പോലീസ് മേധാവി ആയത് സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ